## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 176      25.03.2013-ൽ മറുപടിയ്ക്ക്**

## കായിക പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എൻ.ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.എം.വി.ശ്രേയാംസ്കുമാർ**<br>**ശ്രീ.പി.സി.ജോർജ്ജ്** | **ശ്രീ.കെ.ബി.ഗണേഷ്കുമാർ**<br>**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കായിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇതിൽ സ്പോർടസ് കൗൺസിലിന്റെ പങ്ക് എന്താണ് ; വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) രാജ്യത്തുതന്നെ ആദ്യമായി കായിക താരമാണ് കായിക രംഗത്തെ പ്രധാന കഥാപാത്രം എന്ന് കാഴ്ചപ്പാടോടെ കായികമേഖലയുടെ സമഗ്രവും, സുസ്ഥിരവും, കാലാനുവർത്തിയുമായ ഉന്നമനത്തിന് പാതയൊരുക്കുന്ന സംസ്ഥാന **'സ്പോർട്സ് പോളിസി 2012'** പ്രഖ്യാപിച്ചു. ഇതിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് സ്പോർട്സിനുവേണ്ടിയുള്ള അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് മൾട്ടി സ്പോർട്സ് സിന്തറ്റിക് സ്പോർട്സ് കോംപ്ലക്സ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ **"SMILE"** നടപ്പാക്കി.<br><br>35-ാം ദേശീയ ഗെയിംസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായിട്ടുള്ള വിവിധ സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, അക്വാട്ടിക് കോംപ്ലക്സ്, ഷൂട്ടിംഗ് റേഞ്ച് തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങൾ അഴിമതിരഹിതമായും, കൃത്യമായും, സമയബന്ധിതമായും പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു.<br><br>കൂടാതെ കേരളത്തിൽ കായിക രംഗത്ത് നടപ്പിലാക്കി വന്ന പരിശീലന പദ്ധതികളും അടിസ്ഥാന സൗകര്യവികസന പദ്ധതികളും പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് അവസരമൊരുക്കി.<br><br>ഇതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പങ്ക് താഴെ ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ മുഴുവൻ പരിശീലകർക്കും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും, കാര്യവട്ടം എൽ.എൻ.സി.പി.ഇ-യുടെയും ആഭിമുഖ്യത്തിൽ പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് റിഫ്രഷർ കോഴ്സുകൾ നടത്തുകയുണ്ടായി. |

സംസ്ഥാന കായിക രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന സ്പോർട്സ് അസോസിയേഷനുകൾക്ക് 2,72,39,395/- രൂപയുടെ സാമ്പത്തികസഹായം അനുവദിച്ചു.

കായിക രംഗത്തെ മികവിനുള്ള അംഗീകാരത്തിനായി ദേശീയ/ അന്തർദേശീയ മത്സരങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്യാഷ് അവാർഡിനത്തിൽ വർഷങ്ങളായി കുടിശ്ശിക യായിരുന്ന 5,54,66,700/- രൂപ വിതരണം ചെയ്യുകയും, ഭാവിയിൽ കുടിശ്ശിക ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

ഉന്നതനിലവാരം പുലർത്തുന്ന കായിക താരങ്ങൾക്കും സ്ഥാപനങ്ങൾക്കും 1,66,83,315/- രൂപയുടെ അന്തർദേശീയ നിലവാരത്തിലുള്ള കായിക ഉപകരണങ്ങൾ വിതരണം ചെയതു.

നാഷണൽ ഗെയിംസിന് മുന്നോടിയായി നാഷണൽ ഗെയിംസിൽ ഉൾപ്പെട്ടിട്ടുള്ളതും കേരളത്തിൽ പ്രചാരമില്ലാത്തതുമായ റഗ്ബി, സെപാതാക്ര, വുഷു, ടെന്നികോയ്റ്റ്, കരാട്ടെ, സോഫ്റ്റ്ബോൾ എന്നിവയുടെ പരിശീലനത്തിന് പുതിയ പരിശീലകരെ നിയമിച്ചു,

മേൽപറഞ്ഞവ കൂടാതെ കായിക മേഖലയുടെ ഉന്നമനത്തിനായി അത്യാധുനിക കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ നവീകരണത്തിനുമായി ആവിഷ്ക്കരിച്ച പദ്ധതികൾ താഴെ പറയുന്നു.

1. കമ്മ്യൂണിററി സ്പോർട്സ്
2. വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം
3. പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ
4. സ്വിം ആന്റ് സർവൈവ്
5. ആർച്ചറി അക്കാദമി
6. ഇടുക്കി വോളീബോൾ അക്കാദമി

(സി) അത്യാധുനിക കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ നവീകരണത്തിനുമായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) അത്യാധുനിക കായിക പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 20 ലക്ഷം രൂപ 2013-14 -ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ അന്തർദേശീയ തലത്തിൽ മികവ് പ്രദർശിപ്പിക്കാൻ യോഗ്യരായ കായിക പ്രതിഭകൾക്ക് , അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും, ഉപകരണങ്ങളും പരിശീലനവും മറ്റും ഉറപ്പാക്കുന്ന എലൈറ്റ് അത്ലറ്റ്സ് ട്രെയിനിംഗ് സെന്ററും എല്ലാ സെന്റർ ഓഫ് എക്സലൻസുകളും ആരംഭിക്കുന്നതാണ്. അതിൽ എലൈറ്റ് അത്ലറ്റ്സ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം എൽ.എൻ.സി.പി.ഇ -യുടെ സഹായത്തോടെ ആരംഭിക്കുന്നതിന് നടപടി പൂർത്തിയായി വരുന്നു.

നാഷണൽ ഗെയിംസിന് മുന്നോടിയായിട്ടുള്ള അക്വാട്ടിക് ഇനങ്ങൾക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി ഒരു വിദേശ പരിശീലകന്റെ കീഴിൽ **Special Effort Training Scheme in Swimming (SETSS)** നടപ്പിലാക്കുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ പ്രവർത്തിച്ചുവരുന്ന വാഴത്തോപ്പ് വോളീബോൾ സ്പോർട്സ് ഹോസ്റ്റലിനെ ഉന്നത നിലവാരമുള്ള വോളീബോൾ അക്കാഡമിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവാരമുള്ള കായിക പരിശീലന കേന്ദ്രങ്ങളുടെ അഭാവമുള്ള ജില്ലകളിൽ, ആയതിന്റെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെയും ബഡ്ജറ്റ് വിഹിതത്തിന്റെയും ലഭ്യത കണക്കിലെടുത്തു കൊണ്ട് ഇതിനുള്ള സാദ്ധ്യത പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ